ഈ വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം തൊഴിൽ ലഭിച്ചവർ

787. [977] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം 30-9-1986 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം എത്രപേർക്ക് തൊഴിൽ നൽകി ;

(ബി) 30-9-1986-ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖാന്തിരം എത്ര പേർ ഗവൺമെന്റ് സർവീസിൽ ജോലി ചെയ്യുന്നുണ്ട് ?

ഉത്തരം

(എ) 30-9-1986-ലെ കണക്ക് ലഭ്യമല്ല. 1986 ജനുവരി 1 മുതൽ 31-8-1986 വരെ 11,215 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

ഡി. വൈ. എഫ്. ഐ. സമരം ഒത്തുതീർപ്പായതിനുശേഷം നൽകിയ തൊഴിലില്ലായ്മ വേതനം

788. [978] ശ്രീ. എം. വി. രാഘവൻ :

,, സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി. വൈ. എഫ്. ഐ. സമരം ഒത്തുതീർപ്പായതിനുശേഷം സംസ്ഥാനത്ത് തൊഴിലില്ലായ്മാ വേതനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ ;

(ബി) എത്ര പേർക്കാണ് ഇങ്ങനെ തൊഴിലില്ലായ്മ വേതനം നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്. എല്ലാ ജില്ലകളിലും വിതരണം നടത്തിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

1985-86-ൽ തൊഴിലില്ലായ്മ വേതനം നൽകുന്നതിന് ബഡ്ജറിൽ ഉൾപ്പെടുത്തിയിരുന്ന തുക

789. [979] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

,, വി. കേശവൻ

,, സി. ടി. കൃഷ്ണൻ :

,, വർക്കല രാധാകൃഷ്ണൻ :

,, കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ തൊഴിലില്ലായ്മ വേതനം നൽകുന്നതിന് ബഡ്ജറിൽ എന്തു തുക ഉൾപ്പെടുത്തിയിരുന്നു ;

(ബി) പ്രസ്തുത വർഷം തൊഴിലില്ലായ്മ വേതനം നൽകിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) 1986-87-ലെ ബഡ്ജറിൽ തൊഴിലില്ലായ്മ വേതനം നൽകുന്നതിന് എന്തു തുക നീക്കി വെച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly